## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3444** **11.12.2018 ൽ മറുപടിയ്ക്ക്**

## ആലത്തൂർ എരിമയൂർ കേരഗ്രാമം പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.കെ.ഡി. പ്രസേനൻ** | | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ ആലത്തൂർ, എരിമയൂർ പഞ്ചായത്തുകളെ തമ്മിൽ സംയോജിപ്പിച്ച് നടത്തുന്ന കേരഗ്രാമം പദ്ധതിയുടെ പ്രവർത്തന പുരോഗതിയെക്കുറിച്ച് വിശദമാക്കാമോ; | എ) | ആലത്തൂർ നിയോജക മണ്ഡലത്തിലേക്ക് അനുവദിച്ച "കേരഗ്രാമം" പദ്ധതി സമീപ പഞ്ചായത്തുകളായ ആലത്തൂരിലെ 90 ഹെക്ടറും എരിമയൂരിലെ 160 ഹെക്ടറും ചേർത്താണ് നടപ്പിലാക്കുന്നത്. വാർഡ് തലത്തിൽ യോഗങ്ങൾ സംഘടിപ്പിക്കുകയും പഞ്ചായത്ത് തല കേരസമിതികൾ രൂപീകരിക്കുകയും ആയതിന്റെ രജിസ്ട്രേഷൻ നടപടികൾ പുരോഗമിക്കുകയും ചെയ്ത് വരുന്നു. പദ്ധതി പ്രദേശത്ത് നടപ്പിലാക്കേണ്ട ഘടകങ്ങൾ നിർണ്ണയിച്ചുകൊണ്ടുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കി അംഗീകാരം നേടുകയും ആയത് പ്രകാരമുള്ള സംയോജിത പരിചരണ മുറകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) പ്രസ്തുത പ്രവർത്തനത്തിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഏതെല്ലാം തരത്തിലുള്ള ഫണ്ടാണ് കേരഗ്രാമത്തിന്റെ പ്രവർത്തനങ്ങൾക്കായി ചെലവഴിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്; | ബി) | ഒരു കേരഗ്രാമത്തിന് സംസ്ഥാന പദ്ധതി വിഹിതമായി 50.17 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| സി) കേരഗ്രാമം പദ്ധതിപ്രകാരം എന്തെല്ലാം ആനുകൂല്യങ്ങൾ കർഷകർക്ക് ലഭിക്കുമെന്ന് വിശദീകരിക്കാമോ? | സി) | 250 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങ്കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണ മുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉല്പാദനം, തെങ്ങുകയറ്റ യന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണ മുറകളുടെ ഭാഗമായി തടം തുറക്കൽ, കളനിയന്ത്രണം, പുതയിടീൽ, തൊണ്ട് |

കുഴിച്ചിടിൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവരാസവളങ്ങൾ, ജീവാണു വളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ചുമാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ,, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിനു പുറമെ സാദ്ധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/ സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നു.

ചുവടെ ചേർത്തിരിക്കുന്ന ഘടകങ്ങൾ പ്രാദേശിക ആവശ്യാനുസരണം തെരഞ്ഞെടുത്ത് ആക്ഷൻ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കാവുന്നതാണ്.

1. സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് 25000 രൂപ പ്രകാരം 250 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 62.50 ലക്ഷം രൂപ. ഇതിൽ താഴെ പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു.

a) ഇടയിളക്കൽ, തടം തുറക്കൽ, പുതയിടീൽ- 35 രൂപ/ തെങ്ങ്
b) തൊണ്ട് കുഴിച്ചിടീൽ- 50 രൂപ/ തെങ്ങ്
c) കുമ്മായം- 9 രൂപ/ തെങ്ങ്
d) രാസവളം- 20 രൂപ/ തെങ്ങ്
e) മഗ്നീഷ്യം സൾഫേറ്റ്- 3.75 രൂപ/ തെങ്ങ്
f) ജൈവവളം- 25 രൂപ/ തെങ്ങ്
g) സസ്യസംരക്ഷണം- 10 രൂപ/ തെങ്ങ്
h) ജീവാണു വളങ്ങൾ, ജൈവീകനിയന്ത്രണോപാധികൾ പ്രയോഗിക്കുന്നതിന്- 75 രൂപ/ തെങ്ങ്
i) രോഗം ബാധിച്ചതും ഉല്പാദനശേഷി നശിച്ച തെങ്ങ് മുറിച്ചുമാറ്റുന്നതിന്- 1000 രൂപ/ തെങ്ങ്
j) ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ നടുന്നതിന്- 60 രൂപ/ തെങ്ങ്
k) ഇടവിളകൃഷി- 6000 രൂപ ഹെക്ടറിന്

2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25,000/- രൂപ ക്രമത്തിൽ പരമാവധി 5 ലക്ഷം രൂപ.

3. 61 തെങ്ങ് കയറ്റ യന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2000/- രൂപ നിരക്കിൽ

4. 8 ജൈവവള ഉല്പാദന യൂണിറ്റുകൾ- ഒരു യൂണിറ്റിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം.

5. പഞ്ചായത്തുതല കേരസമിതികൾക്കുള്ള പ്രവർത്തന ചെലവായി 1 ലക്ഷം രൂപ, മിനി കയർ നിർമ്മാണ/

സംസ്കരണ യൂണിറ്റിന് 2 ലക്ഷം രൂപ.

6. കേരഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷി ഭവനുകളുടെ പ്രവർത്തന ചെലവായി 15,000 രൂപ.

7. താല്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തിരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്ട് അധിഷ്ഠിത ധനസഹായം.

Mayal

**സെക്ഷൻ ഓഫീസർ**